(ബി) അങ്ങനെയുള്ള ഫീസ് മടക്കിക്കിട്ടണമെന്നു ആവശ്യപ്പെടുകയും അതിനുവേണ്ടി നടപടി നടത്തി മടക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇനിയും എന്തെങ്കിലും തുക മടക്കിക്കൊടുക്കുവാൻ ഉണ്ടെങ്കിൽ മടക്കിക്കൊടുക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

കടിൽവ്യവസായം.

*403. [31] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ–കൊച്ചിയിലെ കടിൽ വ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ കേന്ദ്രഗവണ്മെൻറിൽനിന്നും ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നതിനു ഡവലപ്പുമെൻറ് കമ്മീഷണറന്മാരുടെ കാൺഫറൻസിൽ തീരുമാനിച്ചിട്ടുള്ളതായി ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ജായിൻറ് ഡയറക്ടർ എന്ന ഔദ്യോഗിക സ്ഥാനപ്പേരുള്ള ഒരു ഉദ്യോഗസ്ഥനെ കടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി എല്ലാ സ്റ്റേറ്റുകളിലും നിയമിക്കുന്നതിനു സിംലായിൽ വച്ചു കൂടിയ ഡെവലപ്പുമെൻറ് ആഫീസറന്മാരുടെ കാൺഫറൻസിൽ തീരുമാനം എടുത്തിട്ടുണ്ട്. അതനുസരിച്ചു് ഒരാളെ നിയമിച്ചിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കൊ : അതാരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മി. ചാക്കോ.

പെരിയാർ ജലം സംബന്ധിച്ചു കരാർ.

*404. [32] ശ്രീ. എൻ. ജി. ചാക്കൊ : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂർ–കൊച്ചിയിലെ നദീജലസമ്പത്തിനെപ്പറ്റി (പെരിയാർജലം) മദ്രാസ് ഗവണ്മെൻറുമായി ഈ ഗവണ്മെൻറ് എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ?

Mr. SPEAKER: Question No. 32 has already been answered.

ശ്രീ. എ. താണുപിള്ള : സർ, ഒരു ഇൻഫർമേഷൻ അറിയാനുണ്ടു് ഈയിടെ മദ്രാസ് മന്ത്രിമാർ സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഒരു കോടി രൂപാ തിരുവിതാംകൂർ–കൊച്ചിയിലെ ജലം മദ്രാസ് പ്രദേശങ്ങളിൽ ഉപയോഗിക്കുന്നതു സംബന്ധിച്ചു് അനുവദിച്ചിട്ടുണ്ടെന്നും പ്ലാനിംഗ കമ്മിഷനു് ഇതു സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനു നിർദ്ദേശം നൽകികിയിട്ടുണ്ടു് എന്നും പത്രങ്ങളിൽ വായിച്ചു. അതു് എതെല്ലാം സ്കീമുകളാണെന്നും മറ്റുമുള്ളതിനെക്കുറിച്ചു് ഉള്ള വിവരങ്ങൾ ഈ സഭയിൽ നൽകിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly